(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) 'കേരള ഇൻഫർമേഷൻ നെറ്റ്‌വർക്ക് ഫോർ ലോക്കൽ ബോഡീസ്' എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. ആസൂത്രണത്തിനും വികസനത്തിനും ആവശ്യമായ ഒരു അടിസ്ഥാന വിവരശേഖരണം തദ്ദേശ സ്ഥാപനങ്ങൾ പ്രാപ്യമാക്കുക.

2. സർക്കാരിന്റെ വികസന പരിപാടികൾക്ക് അനുസൃതമായി തദ്ദേശ സ്ഥാപനങ്ങൾ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ പദ്ധതി അവലോകനവും വിലയിരുത്തലും നടത്തുക.

3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ജില്ലാ സംസ്ഥാന ഓഫീസുകൾ എന്നിവ തമ്മിൽ ആശയവിനിമയം നടത്തുന്നതിൽ ഒരു ഇലക്ട്രോണിക് മെയിൽ സംവിധാനം നടപ്പാക്കുക.

4. പരിമിതമായ രീതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 'ഇന്റർനെറ്റ് ' സൗകര്യം നൽകുക.

5. സർക്കാർ സംവിധാനത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസവും, സുതാര്യതയും ഉറപ്പുവരുത്തി സർക്കാർ ആഫീസുകളുമായി മെച്ചപ്പെട്ട സമ്പർക്കം പുലർത്താനുള്ള അവസരമുണ്ടാക്കുക.

(ബി) പ്രോജക്ട് നടത്തിപ്പിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടേയുള്ളൂ.

(സി) ഈ പ്രോജക്ടിന്റെ വിജയം വിലയിരുത്താനുള്ള സമയം ആയിട്ടില്ല.

(ഡി) 1998-99-ൽ 10 കോടി രൂപയും 1999-2000-ത്തിൽ 10 കോടി രൂപയും കേന്ദ്ര ഗവൺമെന്റ് ഈ പ്രോജക്ടിന് പ്രത്യേക സഹായമായി അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ പരിപാടി പൂർണ്ണമായി പ്രവൃത്തി പഥത്തിൽ ആകുന്നതോടുകൂടി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഒട്ടേറെ കാര്യങ്ങൾ പൊതുവേ മെച്ചപ്പെടുത്തുന്നതിന് സാധിക്കുന്നതാണ്.

ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം മൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന വ്യവസായ ശാലകൾ

13 (*572) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഫാക്ടറികളിൽ നിന്നുള്ള മലിനീകരണം മൂലം ജനകീയ പ്രക്ഷോഭണം നേരിടുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഉണ്ട്; ഏതെല്ലാം;

(ബി) ജനകീയ പ്രക്ഷോഭണത്തെ തുടർന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വ്യവസായശാലകൾ ഏതെല്ലാമാണ്;

(സി) ഫാക്ടറിയിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന മാലിന്യങ്ങൾ പരിസ്ഥിതിക്കും ജനങ്ങൾക്കും ഉണ്ടാക്കുന്ന ദൂഷ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ വ്യവസായശാലകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിൽ വ്യാപകമായി ഉണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ) മലിനീകരണം മൂലം ജനകീയ പ്രക്ഷോഭം നേരിടുന്ന പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടസ്, തിരുവനന്തപുരം
2. ഗ്വാളിയർ റയൺസ്, മാവൂർ (ഗ്രാസിം ഇൻഡസ്ട്രീസ്, കോഴിക്കോട്)
3. മോഡേൺ റോക്ക് ആന്റ് മൈനിംഗ് ഇൻഡസ്ട്രീസ് വടശ്ശേരിക്കര, പത്തനംതിട്ട.
4. കവിതാ കാർബൈഡ് ലിമിറ്റഡ് നെന്മാറ, പാലക്കാട്.
5. കെ.ആർ. അലോയിഡ് ലിമിറ്റഡ്, പാലക്കാട്.
6. ഹൈടെക് ഇലക്ട്രോ തെർമിക്സ് വാളയാർ, പാലക്കാട്.
7. കെ.ജി.പി. ബോൺ പ്രോഡക്ട്സ്, പാലക്കാട്.
8. ബസാരി അമ്മൻ സ്റ്റീൽ, പാലക്കാട്
9. മെസ്സേഴ്സ് മാംപറമ്പിൽ ഇന്റർ മിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം.
10. മെസ്സേഴ്സ് ഓയിൽ പാം പ്ലാന്റേഴ്സ് എക്സ്ട്രാ പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം.
11. മെസ്സേഴ്സ് കൊച്ചിൻ സിമന്റ്സ്, കോട്ടയം ജില്ല.

കൂടാതെ ആലപ്പുഴ ജില്ലയിൽ അരൂർചന്തിരൂർ മേലെയിലും കാക്കാഴം തോട് പരിസരത്തും പ്രവർത്തിക്കുന്ന ചെമ്മീൻ പീലിംഗ് ഷെഡുകളിലും ജനകീയ പ്രക്ഷോഭം നേരിടുന്നുണ്ട്.

(ബി) ഗ്വാളിയർ റയൻസ് മാവൂർ, കോഴിക്കോട്

2) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, തിരുവനന്തപുരം.

(സി) ഉണ്ട്.

(ഡി) മലിനീകരണ സാദ്ധ്യതയുള്ള മിക്കവാറും എല്ലാ വ്യവസായ ശാലകളെക്കൊണ്ടും മലിനീകരണം നിയന്ത്രിക്കുന്നതിനായുള്ള സംവിധാനങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനങ്ങൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോ

LIBRARY ARCHIVES Kerala Legislative Assembly

ധിച്ച് ഉചിത നടപടികൾ സ്വീകരിക്കാനായി ബോർഡിന്റെ ഓഫീസുകൾ 9 ജില്ലകളിൽ ഏർപ്പെടുത്തുകയും അവർക്ക് അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. മലിനജലം പൂർണ്ണമായി പുനരുപയോഗവും പുനചംക്രമണവും ചെയ്യാൻ ജർമൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു പദ്ധതി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ ആറുമാസത്തിനകം തുടങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. അതു നടപ്പാക്കുംവരെ മലിനജലത്തിലെ മുഖ്യമാലിന്യങ്ങളായ ഫെറസ് സൾഫേറ്റും ആസിഡും പരമാവധി മാറ്റുന്നതിനും സമീപ ഫാക്ടറിയായ ട്രാവൻകൂർ സൾഫേറ്റ്സ് നൽകിയ വാഗ്ദാനം പ്രയോജനപ്പെടുത്തുന്നതിനും തീരുമാനം ആയിട്ടുണ്ട്. വായു മലിനീകരണത്തെ കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ഉടൻ നിയമിക്കുന്നതാണ്.

ഗ്രാസിം ഇൻഡസ്ട്രിയിൽ നിന്നുള്ള ജലവായു മലിനീകരണം തടയുന്നതിന് ഡോ. സെൻ ഗുപ്തയുടെ അദ്ധ്യക്ഷതയിൽ സർക്കാർ നിയമിച്ച സമിതി നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾ പൂർണ്ണമായി നടപ്പിലാക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പനി ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ അരൂർ, ചന്തിരൂർ പ്രദേശത്തെ പീലിംഗ് ഷെഡുകളിൽ നിന്നുള്ള മലിനജലം പാഴ്വസ്തുകളും ശേഖരിച്ചു സംസ്കരിക്കുന്നതിനായി കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

മഹിളാനിധി ഗ്രൂപ്പുകൾ

14 (*573) ശ്രീ. കെ. മുഹമ്മാദാലി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയനുസരിച്ച് മഹിളാനിധി ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര മഹിളാനിധി ഗ്രൂപ്പുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു;

(ഡി) ഇവ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ഇ) ഇത്തരം ഗ്രൂപ്പുകൾക്കും അതിലെ വ്യക്തികൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഗ്രാന്റ് നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തു തുക എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ ഗ്രാന്റ് ലഭിക്കുന്നവർക്ക് എന്തെങ്കിലും പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ജി) ഇതുവരെ മഹിളാനിധി ഗ്രൂപ്പുകാർക്കുവേണ്ടി ജനകീയാസൂത്രണത്തിന് നീക്കിവച്ചിട്ടുള്ള ഫണ്ടിൽ നിന്ന് എന്ത് തുക നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly